# പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ 4894

24/07/2015-ൽ മറുപടിക്ക്

## ആയുർവ്വേദ - സിദ്ധ -യുനാനി വിഭാഗങ്ങൾക്കായി പ്രത്യേക ഡ്രഗ്സ് കൺട്രോൾ വകുപ്പ് രൂപീകരണം

ചോദ്യം

ശ്രീ. കെ.എൻ.എ.ഖാദർ

എ) സംസ്ഥാനത്ത് എത്ര ആയുർവ്വേദ മരുന്നു നിർമ്മാണശാലകളാണ് നിലവിലുള്ളത്; പ്രസ്തുത മരുന്നുനിർമ്മാണ ശാലകളിൽ നിർമ്മിക്കുന്ന ആയുർവേദ മരുന്നുകളുടെ ഗുണനിലവാര പരിശോധന നടത്തുന്നത് ആരാണെന്ന് വ്യക്തമാക്കുമോ ;

മറുപടി

ശ്രീ. വി.എസ്. ശിവകുമാർ
(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി)

എ) സംസ്ഥാനത്ത് 936 ഔഷധ നിർമ്മാണ ശാലകളാണ് ഡ്രഗ്സ് കൺട്രോൾ വകുപ്പിൽനിന്ന് ലൈസൻസ് നേടി ആയുർവേദ ഔഷധങ്ങൾ നിർമ്മിക്കുന്നത്.

ആയുർവേദ ഡ്രഗ്സ് ഇൻസ്പെക്ടർമാർ സംസ്ഥാനത്തെ ഔഷധ നിർമ്മാണ ശാലകൾ, ഔഷധ വിൽപ്പന കേന്ദ്രങ്ങൾ, എന്നിവിടങ്ങളിൽ പരിശോധന നടത്തി അവിടെനിന്നും സാമ്പിൾ മരുന്നുകൾ ശേഖരിച്ച് സംസ്ഥാന ഡ്രഗ്സ് കൺട്രോൾ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന ഡ്രഗ്സ് ടെസ്റ്റിംഗ് ലബോറട്ടറിയിലെ ആയുർവേദ വിഭാഗത്തിലേക്ക് അയച്ച് ഗുണനിലവാര പരിശോധന നടത്തി വരുന്നു. കൂടാതെ എല്ലാ ഔഷധ നിർമ്മാതാക്കൾക്കും അവർ നിർമ്മിക്കുന്ന ഉൽപ്പന്നങ്ങൾ ബാച്ച് അടിസ്ഥാനത്തിൽ പരിശോധിച്ച് ഗുണനിലവാരം നിർണ്ണയി ക്കുന്നതിന് സ്വന്തമായി ലബോറട്ടറി സംവിധാനം ഉണ്ട്. ഇവക്ക് പുറമേ ആയുഷ് അംഗീകാരമുള്ള 8 ലബോറട്ടറികൾ കൂടി സംസ്ഥാനത്ത് പ്രവർത്തിക്കുന്നുണ്ട്. ടി സ്ഥാപനങ്ങളിൽ കൂടി ഔഷധ സാമ്പിൾ പരിശോധന നടത്തി ഗുണനിലവാരം നിർണ്ണയിക്കുന്നതിന് കേരളത്തിലെ എല്ലാ

ഔഷധ നിർമ്മാതാക്കൾക്കും സാധിക്കുന്നതാണ്.

ബി) ആയുർവ്വേദ - സിദ്ധ -യുനാനി വിഭാഗങ്ങൾക്കായി പ്രത്യേക ഡ്രഗ്സ് കൺട്രോൾ വകുപ്പ് നിലവിലില്ലാത്തത് പ്രസ്തുത മരുന്നുകളുടെ ഗുണനിലവാര പരിശോധനയെ ബാധിക്കുന്നുണ്ടെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

സി) പ്രസ്തുത വിഭാഗങ്ങൾക്കായി പ്രത്യേക ഡ്രഗ്സ് കൺട്രോൾ വകുപ്പ് രൂപീകരിക്കുന്നതിനുള്ള കേന്ദ്ര ഫണ്ട് ലഭിച്ചിട്ടും ആയത് തിരിച്ചടച്ച് വകുപ്പ് രൂപീകരണം നടത്താൻ കഴിയാത്ത സാഹചര്യം ഉണ്ടായിട്ടുണ്ടോ ;

സി) ആയുർവേദ വിഭാഗത്തിനായി പ്രത്യേക ഡ്രഗ്സ് കൺട്രോൾ വിഭാഗം രൂപീകരിക്കുവാൻ കേന്ദ്ര സഹായം ലഭിച്ചിട്ടില്ല.

ഡി) പ്രസ്തുത ചികിത്സാരംഗത്ത് മരുന്നുകളുടെ ഗുണനിലവാരം ഉറപ്പു വരുത്തുന്നതിനും കാര്യക്ഷമമാക്കുന്നതിനും സ്വതന്ത്ര ചുമതലയുള്ള ഡ്രഗ്സ് കൺട്രോൾ വകുപ്പ് രൂപീകരിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ ?

ഡി) സംസ്ഥാനത്ത് ആയുർവേദ സിദ്ധ - യുനാനി വിഭാഗങ്ങൾക്കായി ആയുഷ് ഡിപ്പാർട്ട്മെന്റ് രൂപീകരിച്ചിട്ടുണ്ട്. ആയുർവേദ മരുന്നുകളുടെ ഗുണ നിലവാരം ഉറപ്പാക്കുന്നതിനായി മരുന്നുകളുടെ സാമ്പിളുകൾ സംസ്ഥാന ഡ്രഗ്സ് കൺട്രോൾ വകുപ്പിന്റെ കീഴിലുള്ള ഡ്രഗ്സ് ടെസ്റ്റിംഗ് ലാബുകളിൽ അയച്ച് നിലവിൽ ഗുണനിലവാര പരിശോധന നടത്തി വരുന്നു. ആയുർവേദ വിഭാഗത്തിനായി സ്വതന്ത്ര ചുമതലയുള്ള ഡ്രഗ്സ് കൺട്രോൾ വകുപ്പ് രൂപീകരിക്കുന്ന കാര്യം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

**സെക്ഷൻ ഓഫീസർ**